# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ദ്വിരാഷ്ട്ര സന്ദർശനത്തിന് ആഫ്രിക്കയിലേക്ക് തിരിച്ച രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി അംഗോളയിലെത്തും.
   President Draupadi Murmu, who left for a bilateral visit to Africa, will reach Angola tonight.
2) സാമൂഹിക -സാമ്പത്തിക പശ്ചാത്തലം പരിഗണിക്കാതെ എല്ലാവർക്കും നീതി ലഭിച്ചാൽ മാത്രമേ സാമൂഹിക നീതി ഉറപ്പാക്കാൻ കഴിയൂ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
   Prime Minister Narendra Modi says that social justice can be ensured only if justice is provided to everyone, regardless of socio-economic background.
3) പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം അടുത്ത മാസം ഒന്ന് മുതൽ പത്തൊൻപത് വരെ ചേരും.
   The winter session of Parliament will be held from the 1st to the 19th of next month.
4) ഇന്ത്യയുടെ നഗര പരിവർത്തനം പൗര കേന്ദ്രീകൃതവും, സുസ്ഥിരവുമായിരിക്കണമെന്ന് കേന്ദ്ര നഗരകാര്യ മന്ത്രി മനോഹർ ലാൽ.
   Union Minister for Urban Affairs Manohar Lal says that India's urban transformation should be citizen-centric and sustainable.

5) ഈ വർഷത്തെ നാവികസേനാ ദിനാഘോഷ പരിപാടികൾ അടുത്ത മാസം നാലിന് തിരുവനന്തപുരത്ത് സംഘടിപ്പിക്കും.
This year's Navy Day celebrations will be organized in Thiruvananthapuram on the 4th of next month.

6) ഓസ്ട്രേലിയയ്ക്കെതിരായ ടി -20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ. ഇന്നത്തെ മത്സരം മഴമൂലം ഉപേക്ഷിച്ചു.
India won the T-20 cricket series against Australia. Today's match was abandoned due to rain.

****************

## PRESIDENT VISIT

ദ്വിരാഷ്ട്ര സന്ദർശനത്തിന് ആഫ്രിക്കയിലേക്ക് തിരിച്ച രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി അംഗോളയിലെത്തും. രണ്ട് ആഫ്രിക്കൻ രാജ്യങ്ങളിലേക്കുള്ള ഒരു ഇന്ത്യൻ രാഷ്ട്രത്തലവന്റെ ആദ്യ സന്ദർശനമാണിത്. ഇന്ന് മുതൽ ഈ മാസം 13 വരെയുള്ള സന്ദർശന വേളയിൽ, നിലവിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ അവലോകനം ചെയ്യും. പുതിയ മേഖലകളിലെ സഹകരണത്തിന്റെ സാധ്യതകളെക്കുറിച്ചും ചർച്ചകൾ നടക്കും. നാളെ ശ്രീമതി മുർമു, അംഗോള
പ്രസിഡൻറ് ലോറെൻസോയുമായി ഉഭയകക്ഷി ചർച്ച നടത്തും. ചൊവ്വാഴ്ച അംഗോളയുടെ സ്വാതന്ത്ര്യത്തിൻറെ 50-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി അംഗോള പാർലമെൻറിനെ അഭിസംബോധന ചെയ്യും. ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. തുടർന്ന് ബോട്സ്വാനയിലേക്ക് തിരിക്കുന്ന രാഷ്ട്രപതി 13 വരെ അവിടെ തുടരും.

****************

## PM- NALSA SC (INTRO)

സാമൂഹിക സാമ്പത്തിക പശ്ചാത്തലം പരിഗണിക്കാതെ, എല്ലാവർക്കും കൃത്യസമയത്ത് നീതി ലഭ്യമാകുമ്പോൾ മാത്രമേ, അത് സാമൂഹികനീതിയുടെ അടിത്തറയായി മാറുകയുള്ളൂവെന്ന്

പ്രധാനമന്ത്രി നരേന്ദ്രമോദി. നിയമ സഹായ സേവനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട്
സുപ്രിം കോടതിയിൽ നടക്കുന്ന ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

ഉൾപ്പെടുത്തലിനും ശാക്തീകരണത്തിനുമുള്ള മാധ്യമമാണ് സാങ്കേതികവിദ്യയെന്നും, E-Courts പദ്ധതി ഇതിന് ഒരു മികച്ച ഉദാഹരണമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. വിധിന്യായങ്ങളും നിയമപരമായ രേഖകളും പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ലീഗൽ സർവീസ് അതോറിറ്റി തയ്യാറാക്കിയ കമ്മ്യൂണിറ്റി മീഡിയേഷൻ പരിശീലന മൊഡ്യൂളിന്റെ ഉദ്ഘാടനവും ശ്രീ. മോദി നിർവഹിച്ചു. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ് വാൾ, സുപ്രിംകോടതി ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് തുടങ്ങിയവർ പങ്കെടുത്തു.

****************

## PM-DEHRADUN

ഉത്തരാഖണ്ഡ് രൂപീകരണത്തിൻറെ രജതജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഡെറാഡൂൺ സന്ദർശിക്കും. രജതജൂബിലി സ്മരണാർത്ഥം പുറത്തിറക്കുന്ന തപാൽ സ്റ്റാമ്പ് പ്രധാനമന്ത്രി പ്രകാശനം ചെയ്യും. 8,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്കും ശ്രീ മോദി തുടക്കം കുറിക്കും.

****************

## RIJIJU- PARLIAMENT SESSION

പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം അടുത്ത മാസം ഒന്ന് മുതൽ പത്തൊൻപത് വരെ നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ഇത് സംബന്ധിച്ച അംഗീകാരം നൽകിയതായി
കേന്ദ്ര മന്ത്രി കിരൺ റിജിജു അറിയിച്ചു. ക്രിയാത്മകവും അർത്ഥവത്തുമായ ചർച്ചകൾക്ക് സർക്കാർ

ഉറ്റുനോക്കുകയാണെന്ന് ശ്രീ. കിരൺ റിജിജു സമൂഹമാധ്യമത്തിൽ കുറിച്ചു.

****************

## VP-KARNATAKA VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ കർണാടക സന്ദർശിക്കും. ഹാസനിൽ ജൈന സന്യാസിയും ആത്മീയ നേതാവുമായ ആചാര്യ ശാന്തി സാഗർ മഹാരാജിന് ഉപരാഷ്ട്രപതി ആദരാഞ്ജലി അർപ്പിക്കും. മഹാരാജിൻറെ വിഗ്രഹ പ്രതിഷ്ഠാ ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. മൈസൂരുവിലെ ജെ.എസ്.എസ് അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിൻറെ പതിനാറാമത് ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

****************

## NAVY-SPCL DEMONSTRATION

ഈ വർഷത്തെ നാവികസേനാ ദിനാഘോഷ പരിപാടികൾ അടുത്ത മാസം നാലിന് തിരുവനന്തപുരത്ത് നടക്കും. നാവികസേനയുടെ വിവിധ മേഖലകളിലെ മികവും, ശക്തിയും എടുത്ത് കാട്ടുന്ന പരിപാടികൾ അരങ്ങേറും. സേനയുടെ അത്യാധുനിക സംവിധാനങ്ങൾ, ഇന്ത്യൻ മഹാസമുദ്രത്തിലെ സേനയുടെ നിർണ്ണായക സ്വാധീനം എന്നിവ വ്യക്തമാക്കുന്ന പരിപാടികൾ സംഘടിപ്പിക്കും. നാവികസേനയുടെ യുദ്ധസജ്ജത, ഓപ്പറേഷൻ സിന്ദൂർ വേളയിൽ പ്രകടമാക്കിയ കൃത്യത, വേഗത, സ്വാധീനം എന്നിവ അടിവരയിടുന്നതാകും ആഘോഷങ്ങൾ.

****************

## ASSAM-SITHARAMAN

സാങ്കേതിക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പ്രാധാന്യം നൽകുന്ന അസമിലെ ആദ്യത്തെ സർവകലാശാലയ്ക്ക് ബിശ്വനാഥ് ജില്ലയിലെ ഭോലാഗുരിയിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ തറക്കല്ലിട്ടു. ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ഇൻറർനെറ്റ് ഓഫ് തിങ്സ്, ഉൾപ്പെടെ വിവിധ സാങ്കേതിക മേഖലകളിലെ കോഴ്സുകളാണ് 'സ്വഹീദ് കനക് ലത ബറുവ സ്റ്റേറ്റ്

യൂണിവേഴ്സിറ്റി' യിലുള്ളത് . അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയും ചടങ്ങിൽ പങ്കെടുത്തു.

****************

## 20-Twenty Cricket

ഓസ്ട്രേലിയക്കെതിരായ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്. ഇന്ന് നടന്ന അഞ്ചാമത്തെയും അവസാനത്തെയും മത്സരം മഴ തടസ്സപ്പെടുത്തിയത് കാരണം ഉപേക്ഷിച്ചതോടെ പരമ്പര 2-1 ന് ഇന്ത്യ സ്വന്തമാക്കുകയായിരുന്നു. ഇന്ന് നടന്ന മത്സരത്തിൽ 4.5 ഓവർ മാത്രമാണ് ബൌൾ ചെയ്യാൻ കഴിഞ്ഞത്. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ ഇന്ത്യ വിക്കറ്റൊന്നും നഷ്ടപ്പെടാതെ 52 റൺസ് എന്ന നിലയിൽ തുടരുമ്പോഴാണ് മഴ കളി തടസ്സപ്പെടുത്തിയത്. 5 കളികളിൽ നിന്നായി 163 റൺസ് നേടിയ ഇന്ത്യയുടെ അഭിഷേക് ശർമ പരമ്പരയിലെ താരമായി തെരഞ്ഞെടുക്കപ്പെട്ടു.

****************

## MANOHAR LAL - URBAN CONCLAVE (INTRO)

ഇന്ത്യയുടെ നഗര പരിവർത്തനം പൗര കേന്ദ്രീകൃതവും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, സുസ്ഥിരവുമായിരിക്കണമെന്ന് കേന്ദ്ര നഗരകാര്യ മന്ത്രി മനോഹർ ലാൽ. ന്യൂ ഡൽഹിയിൽ ഇന്ന് ആരംഭിച്ച ദേശീയ അർബൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നഗര അടിസ്ഥാന സൗകര്യ പദ്ധതികളിൽ നിക്ഷേപം സുഗമമാക്കുന്നതിന് രൂപകൽപ്പന ചെയ്ത പ്ലാറ്റ്ഫോം അർബൻ ഇൻവെസ്റ്റ് വിൻഡോയും അദ്ദേഹം പുറത്തിറക്കി.
(ഹോൾഡ് വോയ്സ്)

****************

## PM-VANDE BHARAT

കേരളത്തിന് അനുവദിച്ച മൂന്നാം വന്ദേഭാരത് എക്സ്പ്രസ്, സർവീസ് തുടങ്ങി. എറണാകുളത്ത് നിന്ന് KSR- ബെംഗളൂരുവിലേക്കുള്ള വന്ദേഭാരത് എക്സ്പ്രസിൻറെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിങ് മുഖേന നിർവഹിച്ചു. ഇതുൾപ്പെടെ നാല് പുതിയ വന്ദേ ഭാരത്

എക്സ്പ്രസ് ട്രെയിനുകളാണ് ശ്രീ മോദി ഇന്ന് വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്തത്. കൊച്ചിയിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രി പി രാജീവ് എന്നിവർ പങ്കെടുത്തു.

****************

## KERALA CM-UAE

യു. എ. ഇ. സഹിഷ്ണുതാ സഹവർത്തിത്വ വകുപ്പ് മന്ത്രി ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനുമായി യു. എ. ഇ. യിൽ മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. കേരളവും യു. എ. ഇ. യുമായുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

****************

## MUMBAI - SEBI - E-GOLD

ചില ഓൺലൈൻ പ്ലാറ്റ്ഫോമുകൾ പുറത്തിറക്കുന്ന അനധികൃത ഡിജിറ്റൽ സ്വർണ്ണ ഉൽപ്പന്നങ്ങൾക്കെതിരെ നിക്ഷേപകർ ജാഗ്രത പാലിക്കണമെന്ന് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ മുന്നറിയിപ്പ് നൽകി. ഇത്തരം പദ്ധതികൾ, സെബിയുടെ നിയന്ത്രണ പരിധിക്ക് പുറത്താണ്. ഈ ഉൽപ്പന്നങ്ങളെ സെക്യൂരിറ്റികളായോ, കമ്മോഡിറ്റി ഡെറിവേറ്റീവുകളായോ നിലവിൽ അംഗീകരിച്ചിട്ടില്ലെന്ന് സെബി ചൂണ്ടിക്കാട്ടി. നിക്ഷേപകർക്ക് സംരക്ഷണം നൽകാനുള്ള വിവിധ സംവിധാനങ്ങളിൽ, ഇത്തരം നിക്ഷേപങ്ങൾ ഉൾപ്പെട്ടിട്ടില്ലെന്നും സെബി വ്യക്തമാക്കി.

****************

## IND-NZ-FREE TRADE

സ്വതന്ത്ര വ്യാപാര കരാറിനായുള്ള നാലാം ഘട്ട ചർച്ചകൾ പൂർത്തിയാക്കി ഇന്ത്യയും ന്യൂസിലാൻഡും. എത്രയും വേഗം കരാർ അന്തിമമാക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത ഇരു രാജ്യങ്ങളും പ്രകടിപ്പിച്ചു. ചർച്ചകളിൽ ഇതുവരെ കൈവരിച്ച പുരോഗതി, കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയലും, ന്യൂസിലൻഡിന്റെ വ്യാപാര മന്ത്രി ടോഡ് മക്ലേയും സ്വാഗതം

ചെയ്യു. കൃഷി, ഭക്ഷ്യ സംസ്കരണം, പുനരുപയോഗ ഊർജ്ജം, ഫാർമസ്യൂട്ടിക്കൽസ്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കരാർ പുതിയ അവസരങ്ങൾ തുറക്കുമെന്ന് വാണിജ്യമന്ത്രാലയം വ്യക്തമാക്കി.

****************

**TRUMP-OHIO GOVERNOR**

അമേരിക്കയിലെ ഒഹായോ ഗവർണർ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജൻ വിവേക് രാമസ്വാമിക്ക് പിന്തുണ പ്രഖ്യാപിച്ച് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. സംരംഭകനും റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിത്വത്തിലേക്ക് മത്സരിച്ചിരുന്നയാളുമാണ് വിവേക് രാമസ്വാമി.

****************

**BUDDHA RELICS-BHUTAN**

ന്യൂഡൽഹിയിലെ ദേശീയ മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന ശ്രീ ബുദ്ധന്റെ തിരുശേഷിപ്പുകൾ പതിനൊന്ന് ദിവസത്തെ പ്രദർശനത്തിനായി ഭൂട്ടാനിലെത്തിച്ചു. കേന്ദ്ര സാമൂഹികനീതി മന്ത്രി വിരേന്ദ്ര കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ആഗോള സമാധാന-പ്രാർത്ഥന ഉത്സവത്തിനായി ഇവ എത്തിച്ചത്. തഷിചോ സോങിൽ പൊതു ജനങ്ങൾക്ക് കാണാൻ കഴിയുന്ന വിധത്തിൽ ഇവ പ്രദർശിപ്പിക്കും.

****************

**BIHAR - ARO SUSPENSION**

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടത്തിനായുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. 20 ജില്ലകളിലായി 122 മണ്ഡലങ്ങളിൽ ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 14 ന് നടക്കും. അതിനിടെ സമസ്തിപ്പൂർ സരായിരഞ്ജൻ നിയമസഭ നിയോജകമണ്ഡലത്തിലെ അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസറെ തിരഞ്ഞെടുപ്പ് കമ്മീഷൻ സസ്പെൻഡ് ചെയ്തു. ഇവിടെ, ഇ വി എം യൂണിറ്റുകളുടെ ഭാഗമായുള്ള വി വി പാറ്റ് സ്ലിപ്പുകൾ അലക്ഷ്യമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

****************

****************

********